# മാരാരിലെ കർണ്ണവിഗ്രഹം

എം. എൻ. കാരശ്ശേരി



മാരാരിലെ കർണ്ണവിഗ്രഹം

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

The Potato Gatherers, a photograph by Guy Orlando Rose (1867–1925). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# മാരാരിലെ കർണ്ണവിഗ്രഹം

കുട്ടികൃഷ്ണമാരാരുടെ ഇതിഹാസപാത്രചർച്ചകൾ മലയാളികളുടെ അനേകം സങ്കല്പങ്ങളെ കീഴ്മേൽ മറിക്കുകയുണ്ടായി. ഭാരതകഥാപഠനത്തിനിടയിൽ പാണ്ഡവപക്ഷം ചെയ്ത ചില അധർമ്മങ്ങളെപ്പറ്റി ചില സൂചനകളൊക്കെ മാരാർക്ക് മുമ്പുണ്ടായിരുന്നുവെങ്കിലും കൗരവപക്ഷത്ത് എന്തെങ്കിലും ധർമ്മമുണ്ടാകാമെന്ന് ആർക്കും തോന്നിയിരുന്നില്ല. ദുര്യോധനാദികളുടെ വ്യക്തിത്വമഹത്വം എടുത്തുകാട്ടിയ വിമർശകൻ മാരാരാണ്. അക്കൂട്ടത്തിൽ പ്രധാനപ്പെട്ടൊരു പാത്രമാണ് കർണ്ണൻ. ആ കൗരവപക്ഷപാതി പാണ്ഡവരേക്കാൾ പൂജ്യനാണ് എന്നു വരുത്തിയത് കുട്ടികൃഷ്ണമാരാരാണ്.

എങ്ങനെ, ഏതു പരിതഃസ്ഥിതിയിൽ വന്നു പിറന്നാലും ഏതെല്ലാം വിധത്തിൽ വളർത്തപ്പെട്ടാലും ആരാലെല്ലാം എങ്ങനെയെല്ലാം ഇകഴ്ത്തപ്പെട്ടാലും പൗരുഷം അതിന്റെ കൊടുമുടികൾ കീഴടക്കുകതന്നെ ചെയ്യുമെന്ന് കർണ്ണൻ ഉദാഹരിക്കുന്നു. ഈ വ്യക്തിത്വം മാരാരെ കണക്കറ്റ് ആകർഷിച്ചു; സ്വാധീനിച്ചു. കർണ്ണപക്ഷപാതം കർണ്ണന്റെ വൈകല്യങ്ങളെ മാത്രമല്ല, കൗരവരുടെ വീഴ്ചകളെപ്പോലും ന്യായീകരിക്കുവാൻ ഈ നിരൂപകനെ പ്രേരിപ്പിച്ചു. ഇക്കൂട്ടത്തിൽ ശ്രദ്ധേയമായ സംഗതിയാണ് കുട്ടികൃഷ്ണമാരാര് എന്ന വ്യക്തിയിൽത്തന്നെ ഒരു കർണ്ണൻ പതിഞ്ഞു കിടപ്പുണ്ട് എന്നത്.

മാരാര് കുട്ടിക്കാലത്തെക്കുറിച്ചോർക്കുകയാണ്:

“ജാതികൃതമായ മാനത്തേക്കാളധികം അപമാനം അനുഭവിച്ചുകൊണ്ടാണ് വളർന്നത്. ഞങ്ങൾ അമ്പലവാസികളെന്ന് പറയപ്പെടാറുണ്ടെങ്കിലും ആ വർഗ്ഗത്തിൽ ഏറ്റവും താണവരാണെന്നാണ് വെപ്പ്.” (പ്രസ്താവന—ഋഷിപ്രസാദം)

കർണ്ണനും നേരിടേണ്ടിവന്ന അപമാനങ്ങളിൽ പ്രധാനം ഇത് തന്നെയാണ്—സൂതജനെന്ന വെപ്പ്. ഇതിന്റെ പ്രതിപ്രവർത്തനമെന്നോണം ഒരൗദ്ധത്യം കർണ്ണനിൽ എന്നും കണ്ടിരുന്നുതാനും. പണ്ഡിതനെന്നും വിമർശകനെന്നുമുള്ള ഔദ്ധത്യം മാരാർക്കുമുണ്ടായിരുന്നു എന്നതിന് തെളിവുകൾ എത്രയെങ്കിലുമുണ്ട്:

ശിരോമണിക്ക് പഠിച്ചിരുന്ന കാലത്ത് തോന്നിയ ഒരഭിപ്രായഭേദത്തെക്കുറിച്ച് അദ്ദേഹം പില്ക്കാലത്തെഴുതിയിരിക്കുകയാണ്:

“മമ്മടഭട്ടനാണത് പറഞ്ഞതെന്നതുകൊണ്ട് എന്റെ വിപ്രതിപത്തി അടക്കിവെക്കണമെന്നല്ല, ഗിരിശിഖരമേറി ഉദ്ഘോഷിക്കണമെന്നാണ് എനിക്ക് തോന്നിയത്” (എന്റെ അടിവേരുകൾ—കല ജീവിതം തന്നെ).

അക്കാലത്തെക്കുറിച്ച് മറ്റൊരു അനുസ്മരണമിതാ:

“എന്റെ കൂടെയുള്ളവരിൽ പലരും മുമ്പേ ഗമിച്ചീടിന ഗോവു തന്റെ പിമ്പേ ഗമിക്കും ബഹുഗോക്കളുമായിരുന്നു. അവരിൽനിന്നും സ്വന്തം വ്യക്തിത്വം വേർതിരിച്ചുകാണിക്കാനാവാം, ഞാൻ അവർ പ്രശംസിക്കുന്നവയെ അധിക്ഷേപിക്കുവാൻ യുക്തികൾ തേടി കണ്ടുപിടിച്ചത്. ഉദാഹരണം പലതുണ്ട്. എന്റെ സഹചാരികൾ ശാകുന്തളത്തെ പ്രശംസിച്ചപ്പോൾ ഞാൻ മുദ്രാരാക്ഷസത്തെ പുകഴ്ത്തി. അവർ ധ്വനിസിദ്ധാന്തത്തെ പുകഴ്ത്തിയപ്പോൾ ഞാൻ മഹിമഭട്ടന്റെ അനുമാനസിദ്ധാന്തം കൈക്കൊണ്ടു” (അന്വേഷണം വാർഷികപ്പതിപ്പ്, 1970).

വലിയവനെ തല്ലുക മാത്രമല്ല ഇവിടത്തെ പ്രത്യേകത, മറ്റുള്ളവർ തലോടുന്ന എന്തിനേയും തല്ലുക എന്നതാണ് മേൽസൂചിപ്പിച്ച പ്രതിപ്രവർത്തനം തന്നെയാണല്ലോ ഇത്.

ഈ ഔദ്ധത്യം പടർന്നുകേറുന്നത് നോക്കൂ:

എലിമെണ്ടറി ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് വേണ്ടി എഴുതിയ വ്യാകരണപുസ്തകത്തിൽ പൂജകബഹുവചനത്തിന് ഉദാഹരണം കൊടുത്തിരിക്കുന്നത് ഇങ്ങനെയാണ്:

“വ്യാസർ, കാളിദാസർ, ഭീഷ്മർ, വാധ്യാർ, സ്വാമിയാർ, മാരാർ” (ഭാഷാപരിചയം).

പ്രസ്തുത പുസ്തകത്തിൽ തന്നെ കർമ്മണിപ്രയോഗങ്ങളെയും കർത്തരിപ്രയോഗങ്ങളെയും വേർതിരിച്ചെടുക്കാനുള്ള അഭ്യാസത്തിൽ കൊടുത്ത ഖണ്ഡിക:

“നമ്മുടെ ഭാഷ അഭിവൃദ്ധിപ്പെടുന്നു. പുതിയൊരു വ്യാകരണപുസ്തകം പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നു. അതിൽ വ്യാകരണകാര്യങ്ങളെല്ലാം പുതിയൊരു രീതിയിലാണ് പ്രതിപാദിക്കപ്പെട്ടിരിക്കുന്നത്. അത് പഠിപ്പാൻ വിദ്യാർത്ഥികൾ ശ്രമപ്പെടേണ്ടതില്ല. അവർ വ്യാകരണത്തിന്റെ മുഷിപ്പത്തിൽ നിന്ന് രക്ഷപ്പെട്ടു” (ഭാഷാപരിചയം).

1949-ൽ പ്രസിദ്ധീകരിച്ച പ്രസ്തുത കൃതിയുടെ മൂന്നാം പതിപ്പിൽ നിന്നുപോലും എടുത്തുകളയേണ്ട എന്നു വെച്ച ഈ മനോഭാവം പില്ക്കാലത്തെ പ്രൗഢകൃതികളിൽ കാണുന്ന ഔദ്ധത്യത്തിന്റെ അങ്കുരം തന്നെ.



എ. ആർ. രാജരാജവർമ്മ

കർണ്ണന്റെ അരങ്ങേറ്റത്തിലേക്ക് വരാം: രംഗത്തെ മുഴുവൻനോക്കി ദ്രോണകൃപന്മാരെ ഏറെ വഴങ്ങാതെ വന്ദിച്ചാണ് കർണ്ണൻ കടന്നു വരുന്നത് എന്ന് ഇതിഹാസകവി പറയുന്നു: ‘സാഹിത്യഭൂഷണ’വുമായി അരങ്ങേറുന്ന മാരാരിലും ഇതേ ഭാവം തന്നെ കാണുന്നു. ആനന്ദവർദ്ധനാചാര്യരെപ്പോലും വന്ദിക്കാനല്ലാതെ, ഏറെ വഴങ്ങാൻ ആ പൗരുഷം കൂട്ടാക്കുന്നില്ല. സാഹിത്യവേദിയിലെ സവ്യസാചിയായിരുന്ന എ. ആർ. രാജരാജവർമ്മയോടു ‘താങ്കൾ താങ്കളെച്ചൊല്ലി അദ്ഭുതപ്പെടേണ്ട’ എന്ന വാക്ക് കൊണ്ടല്ലെങ്കിലും ആ കൃതി പറയുന്നുണ്ട്. ആചാര്യന്മാരായി താൻ തന്നെ അംഗീകരിച്ചവരുടെ പോലും ‘തെറ്റുകൾ’ (എന്ന് ഉറപ്പിച്ചാണ് പ്രയോഗം. ഇത് അവതാരികാകാരനായ ഉള്ളൂരിനുപോലും നീരസമുണ്ടാക്കിയിട്ടുണ്ട്) സാഹിത്യഭൂഷണത്തിൽ അക്കമിട്ടു നിരത്തിയിട്ടുണ്ട് എന്നോർക്കുക.




ഉള്ളൂർ

പ്രസ്തുത കൃതി ഉപജീവ്യനായിക്കണ്ട രാജാനകമഹിമഭട്ടൻ, സാഹിത്യത്തിന്റെ ആത്മസത്തയെ സാക്ഷാത്ക്കരിക്കാൻ പോന്നതെന്നുറ്റംകൊണ്ട ധ്വനിസിദ്ധാന്തത്തിന്റെ പരമാചാര്യനെ വെല്ലുവിളിച്ച ധിക്കാരിയായിരുന്നു. ഇതേക്കുറിച്ച് പ്രൊഫ. സുകുമാർ അഴീക്കോട് എഴുതി:



പ്രൊഫ. സുകുമാർ അഴീക്കോട്

“മലയാളത്തിൽ സാഹിത്യഭൂഷണം വല്ലാതെ അപ്രീതിപാത്രമാവാനുള്ള ഒന്നാമത്തെ കാരണം, മഹിമഭട്ടനെ തൽക്കർത്താവ് അനുസരിച്ചുവെന്നതോ, ധ്വന്യാലോകകാരനെ എതിർത്തുവെന്നതോ അല്ല, എ. ആർ. തിരുമേനിയെ നേരിട്ടെതിർത്തു എന്നതായിരുന്നു. ‘അത്രയ്ക്കായോ’ എന്നായിരുന്നു പൊതുവിലുണ്ടായ പ്രതികരണം.” (മാരാരെ മനസ്സിലാക്കുക—കല ജീവിതം തന്നെ.)

കർണ്ണൻ അർജ്ജുനനെ വെല്ലുവിളിച്ചപ്പോഴുണ്ടായ പ്രതികണവും ഈ പ്രതികരണവും തമ്മിൽ അത്ര വലിയ അകലമുണ്ടോ?



മുണ്ടശ്ശേരി

മാരാരുടെ മുമ്പിലെ അർജ്ജുനവിഗ്രഹം ഏതായിരുന്നു എന്ന് ഇനിയേറെ വ്യാഖ്യാനിക്കേണ്ടതില്ല. ‘അർജ്ജുനന് കിടയാകണം’ എന്നേ അദ്ദേഹത്തിനും ഉണ്ടായിരുന്നുവെന്നുള്ളതുകൊണ്ടാണോ എ. ആർ. തമ്പുരാന്റെ മിക്ക പുസ്തകങ്ങൾക്കും തുല്യമായി താനും പുസ്തകങ്ങളെഴുതിയത്? അതുകൊണ്ടാണോ? “കാലമേറെക്കഴിഞ്ഞു മറ്റൊരു രാജരാജനാകാൻ കച്ചകെട്ടിയിറങ്ങിയ സംസ്കൃതമാത്രവിഭവനായ ശ്രീ. കുട്ടികൃഷ്ണമാരാര്” എന്നെഴുതാൻ മുണ്ടശ്ശേരിക്ക് (രാജരാജന്റെ മാറ്റൊലി) അവസരം ലഭിച്ചത്?

എ. ആർ. ചെയ്ത മിക്കതും അതിനേക്കാൾ നന്നായി ചെയ്യും എന്ന തീർപ്പ് നടപ്പാക്കാനാണ് മാരാര് തന്റെ ജീവിതം ചെലവിട്ടത്. അതിൽ അദ്ദേഹം ബഹുദൂരം വിജയിക്കുകയും ചെയ്തു.

ഒറ്റ തിരിഞ്ഞ വ്യക്തിത്വം കർണ്ണന്റെയും മാരാരുടെയും പ്രത്യേകതയായിരുന്നു. പുകഴ്ത്തലുകളേക്കാൾ ഇകഴ്ത്തലുകളാണ് അവർക്ക് ഏറെ കിട്ടിയത്. ആക്ഷേപിക്കപ്പെടുന്നതിനോട് ഒരുതരം ആസക്തി തന്നെ ഇരുവരിലും വേരുപിടിച്ചതുപോലെ തോന്നിപ്പോകും. വിമർശനങ്ങൾക്കു നേരെ ‘ഇതിനൊക്കെ ഞാൻ അർഹനോ?’ എന്നൊരു മേനി തന്നെയുണ്ടായിരുന്നല്ലോ മാരാർക്ക്. തനിക്കെതിരെയുള്ള ഒരു രൂക്ഷവിമർശനം ഉദ്ധരിച്ചിട്ട് അദ്ദേഹം പറയുകയാണ്:

“ഈ ബഹുമതി കൈക്കൊള്ളുവാൻ എനിക്കുള്ള അർഹത എത്ര അത്യല്പമാണെങ്കിലും ആ ഉള്ളതിനെ ഈ പുതിയ പുസ്തകം ഒന്നു കൂടി സമർത്ഥിക്കുമെന്ന് ഞാനാശിക്കുന്നു.” (മുഖവുര—പതിനഞ്ചുപന്യാസം.)

മറ്റൊരു ഖണ്ഡിക:

“ഞാൻ ആത്മകഥയെഴുതുവാൻ തുടങ്ങിയിട്ടില്ല. എഴുതണമെന്ന് തീർച്ചപ്പെടുത്തിയിട്ടുമില്ല. സംഗതിവശാൽ, ആത്മകഥാസ്പർശിയായ രണ്ടുമൂന്ന് ലേഖനം എഴുതുകയുണ്ടായിട്ടുണ്ട്. അവയും, എന്റെ സാഹിത്യസംബന്ധിയായ മറ്റേതു ലേഖനവുമെന്നപോലെ, ചിലരെ നന്നെ മുഷിപ്പിച്ചതായിട്ടാണ് കണ്ടിട്ടുള്ളത്. അതോർക്കുമ്പോൾ എന്താ ഒരാത്മകഥ തന്നെ അങ്ങെഴുതിയാൽ എന്നിടക്ക് തോന്നാറുണ്ട്.” (ആത്മകഥയിൽ നിന്നൊരദ്ധ്യായം—പതിനഞ്ചുപന്യാസം).

വിമർശകന് ലഭിക്കാവുന്ന പൂമാലകളിലൊന്ന് സ്വന്തം വീക്ഷണങ്ങൾക്കു നേരെയുള്ള കടന്നാക്രമണമാണ് എന്നറിയാത്ത ആളല്ല കുട്ടികൃഷ്ണമാരാര്. അതുകൊണ്ടുതന്നെയാകണം, ഒരു സുയോധനനെ കാത്തിരിക്കാതെ അദ്ദേഹം സ്വയം തന്നെ കസേര വലിച്ചിട്ട് ഇരുന്നതും.



വള്ളത്തോൾ

ഗുരുഭക്തി ജീവിതത്തിന്റെ ഭൗതികപരാജയത്തിന് വഴിവെക്കുന്നതായി കർണ്ണനിലെന്നപോലെ മാരാരിലും കാണുന്നു. ജീവിതത്തിന്റെ ആദ്യപകുതിയുടെ ശോഭനഭാഗം മുഴുവൻ വള്ളത്തോളിനും നാലപ്പാടിനും അടിപ്പെടുത്തിയാണ് മാരാര് കഴിഞ്ഞത്. അതുകൊണ്ട് വന്നു ചേർന്ന ഭൗതികമായ കഷ്ടനഷ്ടങ്ങളും അവമാനങ്ങളും വേദനകളും പലയിടത്തായി മാരാര് സൂചിപ്പിച്ചിട്ടുണ്ട്. അപൂർവ്വം ചിലപ്പോൾ തുറന്നുപറഞ്ഞിട്ടുമുണ്ട്. സാഹിത്യവീക്ഷണത്തെക്കൂടി അതെത്രമാത്രം ഗ്രസിച്ചുകളഞ്ഞു എന്ന് അദ്ദേഹം തന്നെ സങ്കടപ്പെടുന്നു.—‘സാഹിത്യഭൂഷണ’കർത്താവായ ആ സാഹിത്യമർമ്മജ്ഞൻ പ്രസ്തുതകൃതി രചിച്ച് 42 കൊല്ലം കഴിഞ്ഞ് 1970-ൽ പറയുകയാണ്.




കുമാരനാശാൻ

“ഞാൻ വള്ളത്തോളിലൂടെയും ഉള്ളൂരിലൂടെയും പതുക്കെപ്പതുക്കെ പിടിച്ചു കേറി കുമാരനാശാനിൽ എത്തിച്ചേർന്നവനാണ്. മലയാളത്തിൽ ഋഷികവി എന്നു പറയാവുന്ന ഒരാളുണ്ടെങ്കിൽ അത് ആശാനാണെന്ന് പതുക്കെപ്പതുക്കെ ബോധ്യപ്പെട്ടു വരുന്നു” (അന്വേഷണം വാർഷികപ്പതിപ്പ്, 1970).




നാലപ്പാട്ട് നാരായണമേനോൻ

സ്വന്തമായൊരു പക്ഷപാതമുണ്ടാവുക എന്നതിൽ, കടുംപിടുത്തത്തിന്റെ കാര്യത്തിൽ, കർണ്ണനും മാരാരും ആരുടെയും പിന്നിലല്ല. മാരാർക്ക് പക്ഷപാതം മാത്രമല്ല, എല്ലാവരും “പക്ഷപാതികളാണ്” എന്നും ഉണ്ടായിരുന്നല്ലോ. സ്വന്തം ജീവിതത്തിനും മേലെ സദ്യശസ്സിനെയാണ് ഈ രണ്ട് പോരാളികളും കണ്ടത്. “തോല്പിക്കണം” എന്ന ക്ഷാത്രവീര്യം ഇരുവരിലും നിന്നു കത്തുന്നു.

തന്റെ വിമർശകജീവിതത്തിന് ജന്മസിദ്ധമായിക്കിട്ടിയ യുക്തിയുടെ കവചവും സൗന്ദര്യദർശനത്തിന്റെ കുണ്ഡലവും അവസാനകാലത്ത് ആദ്ധ്യാത്മികതക്ക് ദാനം ചെയ്ത് വിമർശനക്ഷേത്രത്തിൽ നിരസ്ത്രനാകുന്ന മാരാരുടെ രൂപം ഈ ചിത്രത്തെ പൂർണ്ണമാക്കുന്നു.

തന്റെ അകത്തും പുറത്തുമുള്ള എല്ലാ പ്രത്യേകതകളും കർണ്ണനിൽ കണ്ടെത്തിയതുകൊണ്ടാണ് ആ കഥാപാത്രം ഒരു ലഹരിയായി മാരാരെ ആവേശിക്കുന്നത്. കർണ്ണനിലൂടെയാണ് മാരാര് ഭാരതം കണ്ടത്. കർണ്ണന്റെ കണ്ണിലൂടെയാണ് മാരാര് കുരുക്ഷേത്രയുദ്ധം കണ്ടത്. കർണ്ണനെ സംബന്ധിച്ച ഏതു ലേഖനവും മാരാർക്ക് ആത്മകഥയിൽ നിന്നൊരദ്ധ്യായം തന്നെ.

മഹാഭാരതം എന്ന ഇതിഹാസത്തിലെ മുഖ്യകഥാപാത്രം കർണ്ണനാണെന്ന് മാരാര് കണ്ടെത്തുന്നതിന്റെ (മഹാഭാരതത്തിലേക്ക്—ചർച്ചായോഗം) അടിയിൽ അവർ തമ്മിലുള്ള ഈ ആഭ്യന്തരബന്ധം കിടപ്പുണ്ട്. മാരാരുടെ മനുഷ്യസങ്കല്പത്തിന്റെ മുഖ്യാംശമായ അഭയത്തിന്റെയും ബലത്തിന്റെയും പൗരുഷത്തിന്റെയും പ്രതിപുരുഷനും കർണ്ണനല്ലാതെ മറ്റാരുമല്ല.

## എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്‌ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.